പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3321 — 22.08.2017 ൽ മറുപടിക്ക്

## സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | SRO 107/16 പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും പഠനത്തിന്റെയോ, റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഇപ്രകാരം തീരുമാനമെടുത്തത്; | (ബി) | അല്ല. |
| (സി) | എതെല്ലാം തസ്തികകളാണ് പ്രസ്തുത സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതെന്നും അതിന് നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ; | (സി) | മോട്ടോർ സൈക്കിൾ ഓർഡർലി, ക്ലറിക്കൽ അസിസ്റ്റന്റ്, ബൈൻഡർ, ലിഫ്റ്റ് ഓപ്പറേറ്റർ, ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ ഓപ്പറേറ്റർ, അറ്റൻഡർ, നോട്ടം, ഓഫീസ് അറ്റൻഡന്റ് തസ്തികകളാണ് SRO 107/2016 പ്രകാരം പുതുതായി സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിശ്ചയിച്ച യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഇതനുസരിച്ചുള്ള നിയമന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ഡി) | ഒഴിവുകൾ വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഇപ്രകാരം തീരുമാനിച്ച ശേഷം പഴയ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ; | (ഇ) | 14 ജില്ലകളിലും നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ബാധിക്കാതിരിക്കുന്നതിനു വേണ്ടി സേവിംഗ്സ് ക്ലോസ് ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം എസ്.ആർ.ഒ 500/2017 തീയതി 08.08.2017 ആയി പുറപ്പെടുവിച്ചിരുന്നു. എസ്.ആർ.ഒ നം. 500/2017 -ന്റെ അടിസ്ഥാനത്തിൽ നിലവിൽ പഴയ റാങ്ക് ലിസ്റ്റുകളിൽ നിന്നാണ് നിയമനം നടത്തുന്നത്. |
| (എഫ്) | പുതുതായി ഏതെങ്കിലും തസ്തികകൾ കൂടി സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (എഫ്) | കൂടുതൽ തസ്തികകൾ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്. |

Sajeeve

**സെക്ഷൻ ആഫീസർ**

അനുബന്ധം

| | തസ്തിക | നിയമന രീതി | യോഗ്യത |
|---|---|---|---|
| 1. | മോട്ടോർ സൈക്കിൾ ഓർഡർലി | പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് മാരിൽ നിന്ന് തസ്തികമാറ്റം വഴി | (i) എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യം.<br>(ii) ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസും രണ്ട് വർഷത്തെ ഡ്രൈവിംഗ് പരിചയവും.<br>ലൈറ്റ് മോട്ടോർ വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസ് അഭിലഷണീയം.<br>കുറിപ്പ്- ശാരീരിക വൈകല്യമുള്ളവർ ഈ തസ്തികയിലേക്ക് നിയമിക്കപ്പെടാൻ യോഗ്യരല്ല. |
| 2. | ക്ലറിക്കൽ അസിസ്റ്റന്റ് | സെക്രട്ടേറിയറ്റിലെ അറ്റൻഡർമാരിൽ നിന്ന് സ്ഥാനക്കയറ്റം വഴി<br>അല്ലെങ്കിൽ<br>ലിഫ്റ്റ് ഓപ്പറേറ്റർ/ ഡ്യൂപ്ലിക്കേറ്റിംഗ് മെഷീൻ ഓപ്പറേറ്റർ എന്നീ തസ്തികകളിൽ നിന്ന് തസ്തികമാറ്റം വഴി. | എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യം. |
| 3. | ബൈൻഡർ | (i) സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് മാരിൽ നിന്ന് തസ്തികമാറ്റം വഴി<br>(ii) മുകളിൽ ഇനം (i)-ൽ നിന്ന് യോഗ്യരായ അപേക്ഷകർ ലഭ്യമല്ലെങ്കിൽ നേരിട്ടുള്ള നിയമനം. | (i) എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യം..<br>(ii) ബുക്ക് ബൈൻഡിംഗിൽ എൻ.സി.വി.റ്റി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ബുക്ക് ബൈൻഡിംഗിൽ കെ.ജി.ടി.ഇ (ലോവർ) അല്ലെങ്കിൽ എം.ജി.ടി.ഇ (ലോവർ).<br>കുറിപ്പ്- മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതയുള്ള അപേക്ഷകരുടെ അഭാവത്തിൽ തസ്തികമാറ്റ നിയമനത്തിന് നിയമനാധികാരിയോ നേരിട്ടുള്ള നിയമനത്തിന് പബ്ലിക് സർവ്വീസ് കമ്മീഷനോ നടത്തുന്ന പ്രവൃത്തി പരീക്ഷയിൽ വൈദഗ്ദ്ധ്യം തെളിയിക്കുന്ന പക്ഷം ബുക്ക് ബൈൻഡിംഗിൽ 18 മാസം പ്രവൃത്തി പരിചയം ഉള്ളവരെ പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| 4. | ലിഫ്റ്റ് ഓപ്പറേറ്റർ | (i) പൊതുഭരണ സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് തസ്തികമാറ്റം വഴി.<br>(ii) മുകളിൽ ഇനം (i)-ൽ നിന്ന് യോഗ്യരായ അപേക്ഷകർ ലഭ്യമല്ലെങ്കിൽ നേരിട്ടുള്ള നിയമനം. | എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യം. പ്രവൃത്തി പരിചയം അഭിലഷണീയം.<br><br>കുറിപ്പ്- നേരിട്ടുള്ള നിയമനത്തിന് അടിസ്ഥാനയോഗ്യത നേടിയ ശേഷം ലിഫ്റ്റ് ഓപ്പറേഷനിൽ 6 മാസത്തെ പ്രവൃത്തി പരിചയം നിർബന്ധമാണ്. |
| 5. | ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ ഓപ്പറേറ്റർ | (i) സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്ന് തസ്തികമാറ്റം വഴി.<br>(ii) മുകളിൽ പറഞ്ഞിരിക്കുന്ന ഇനം (i)-ൽ നിന്ന് യോഗ്യരായ അപേക്ഷകർ ലഭ്യമല്ലെങ്കിൽ നേരിട്ടുള്ള നിയമനം. | (i) എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യം..<br>(ii) അപേക്ഷകൻ ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനൽ വൈദഗ്ധ്യം ഒരു പ്രവൃത്തി പരീക്ഷയിൽ തെളിയിക്കേണ്ടതാണ്. |
| 6. | അറ്റൻഡർ | സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡുമാരിൽ നിന്ന് സ്ഥാനക്കയറ്റം വഴി | എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യം.. |
| 7. | നോട്ടം | പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് മാരിൽ നിന്ന് തസ്തികമാറ്റം വഴി | (i) എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യം..<br>(ii) പണം കൈകാര്യം ചെയ്യുന്ന ശാഖകളിലും ട്രഷറി ജോലികളിലും ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. |
| 8. | ഓഫീസ് അറ്റൻഡന്റ് | നേരിട്ടുള്ള നിയമനം. | എസ്.എസ്.എൽ.സി പരീക്ഷാ വിജയം അല്ലെങ്കിൽ തത്തുല്യം. |

Sajeev
സെക്ഷൻ ഓഫീസർ